# തിരകൾ

ഉയരുന്നൂ തിര ; കടലിരമ്പുന്നു
ഇവിടെ ഞാൻ തീർത്ത മണലിൻ കോട്ടകൾ
തകരുമ്പോളേതോ മറന്ന ഗാനത്തി-
ന്നലകൾ നീന്തുമീ തണുത്ത കാറ്റിൻെറ
വിരലിൽത്തൂങ്ങി യെന്നരികിലെത്തുന്ന
കഥകളേ, നിങ്ങളറിയുമോ കടൽ-
ക്കരയിലിന്നലെ യിരുണ്ടുമൂടിയ
മഴയിരമ്പുന്ന നനഞ്ഞ സന്ധ്യയിൽ
ഉടഞ്ഞ ശംഖുകൾ നിറഞ്ഞ കൈയുമായ്
ഇവിടെ ഞാനിരുന്നിതുവഴി മിന്നൽ
ക്കൊടികൾ കെട്ടിയരഥത്തിലെൻ മന-
സ്സൊരുക്കി വച്ചതാം വഴിയിലൂടെ നിൻ
വരവിനായന്നും; തിരകൾ വന്നെൻെറ
മണലിൻ കോട്ടകളിടിച്ചു പിന്നെയും.

കടലിരമ്പുമീക്കരയിലിന്നു ഞാൻ
തിരികെയെത്തുന്നു; പഴയ വാനത്തിൻ
ചരിവിൽ നോക്കി ഞാനിരിക്കുന്നു; നിൻെറ
വഴികളൽ വാരി വിതറുവാനൊരു
വിളറി വീണ പൂവിതളുമില്ലിനി
വരികയില്ല നീയിതുവഴിയെന്നു
പറയുന്നു കടൽത്തിരകളെങ്കിലും
ഇരുൾ പരക്കുമീക്കരയിലേകാന്ത
പഥികനായി ഞാനലയുമ്പോൾ വീണ്ടും
ഉയരുമീക്കടലലകളുമെൻെറ
കരളിനുള്ളിലെ ത്തിരകളും വന്നു
ചിതറി വീഴുമീ മണലിലെൻെറ കാ-
ലടികൾ വീണതാം വഴികളിൽ വെള്ള-
ക്കുതിര പൂട്ടിയ കനകത്തേർ തെളി-
ച്ചൊരു രജനിയിലിതിലെയെത്തവേ
അകലെ മാറി ഞാനിവിടെ നിന്നിടും
അരികിലെത്തുമ്പോളറിയുമെന്നെ നീ.

ഒരു നമിഷമാ മിഴിയിലത്ഭുതം!
ഒരു നിമിഷമെൻ കരളിലുൽസവം. ■



ഉയരുന്നൂ തിര ; കടലിരമ്പുന്നു